# നോമ്പുക്കാലം

## വചന വിചിന്തനം

### ഒന്നാം ഞായർ

**മത്താ 4,1-11**

> ***“വാളെടുക്കുന്നവരെല്ലാം വെളിച്ചപ്പാടല്ലെന്നും വചനം ഉദ്ധരിക്കുന്നവരെല്ലാം ആത്മീയരുമല്ല എന്നുള്ളതിന്റെ ഓർമ്മപ്പെടുത്തലിന്റെ പേരാണ് സാത്താൻ / പിശാച്”***

അന്നയുടെ പ്രലോഭനം കരിമ്പാണെങ്കിൽ, പട്ടിയുടെ പ്രലോഭനം എല്ലാണെങ്കിൽ മനുഷ്യന്റെ പ്രലോഭനം ഭൗതീകതയാണ്. അകലം കാത്തുസൂക്ഷിക്കുന്നവർ രക്ഷ പ്രാപിക്കും!

“യേശു നാൽപതു ദിനരാത്രങ്ങൾ ഉപവസിച്ചു. അപ്പോൾ അവനു വിശന്നു. പ്രലോഭകൻ അവനെ സമീപിച്ചു...” (മത്താ 4,2-3) നാൽപത് ദിവസത്തെ ഉപവാസത്തിനൊടുവിൽ ഈശോയ്ക്ക് വിശക്കുന്നു. ശരീരം ബലഹീനമായപ്പോൾ പ്രലോഭകൻ (സാത്താൻ) ക്രിസ്തുവിനെ സമീപിക്കുന്നു. ദൗർബല്യങ്ങൾ എവിടെയൊക്കെയുണ്ടോ അവിടെയൊക്കെ സാത്താന്റെ സാന്നിദ്ധ്യം ഉണ്ട്. ഈ ദൗർബല്യങ്ങൾ എന്നുപറയുന്നത് വ്യക്തികളാകാം, സ്ഥലങ്ങളും സാധനങ്ങളുമാകാം, സ്ഥാനങ്ങളും സമ്പത്തുമാകാം, എന്തിനേറെ ആഗ്രഹങ്ങളും ആശയങ്ങളും വരെയാകാം. ഇവിടെ കാത്തുസൂക്ഷിക്കേണ്ടത് സങ്കീർത്തകന്റെ മനോഭാവങ്ങളാണ്, “ദൈവമേ, നിനക്കെതിരെ പാപം ചെയ്യാതിരിക്കാൻ നിന്റെ വചനം എന്റെ ഹൃദയത്തിൽ സൂക്ഷിച്ചു” (സങ്കീ 119,11). വചനത്തെ മുറുകെ പിടിക്കുന്നവർക്ക് വചനം തന്നെ കാവലാകുന്നു എന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണ് വചനത്തെ മുറുകെ പിടിച്ച് പ്രലോഭനങ്ങളെ അതിജീവിക്കുന്ന ക്രിസ്തു. സാത്താന്റെ ഓരോ പ്രലോഭനങ്ങൾക്കുമുള്ള ക്രിസ്തുവിന്റെ മറുപടി പഴയനിയമത്തിലെ നിയമാവർത്തന പുസ്തകത്തിൽ നിന്നാണ് (നിയ 8).

ക്രിസ്തുവിനെ പ്രലോഭകൻ സമീപിക്കുന്നത് അവന് വിശക്കുമ്പോഴാണെങ്കിൽ, വിശപ്പിനെ കുറിച്ച് ഈ അടുത്ത ദിവസങ്ങളിൽ കേട്ടതിൽ വച്ച് ഏറ്റവും മനോഹരമായ സംഭവം.

തോമസ് മാഷിന്റെ കയ്യിൽ ചില നമ്പറുകളുണ്ട്. കുട്ടികളുടെ ശ്രദ്ധ ക്ലാസ്സിൽ നിന്നു തെറ്റുന്നു എന്നു കണ്ടാൽ മാഷ് സാമൂഹ്യപാഠത്തിൽ നിന്ന് തെന്നും. എന്തിനാണ് സാമൂഹ്യപാഠം എന്ന് നന്നായറിയാവുന്ന ഉൾക്കാഴ്ച്ചയുള്ള അദ്ധ്യാപകനാണദ്ദേഹം... അന്നാണെങ്കിൽ വെള്ളിയാഴ്ച്ച ലാസ്റ്റ് പിരീയഡും... തോമസ് മാഷ് ചോദിച്ചു; “ഏതാണ് ഏറ്റവും നല്ല കറി?”

“ചെമ്മീൻ ചമ്മന്തിയുണ്ടെങ്കിൽ ഞാൻ ഒരു കലം ചോറുണ്ണും” ജോണി മാത്തന്റെ പൊടുന്നനെയുള്ള ഉത്തരം കേട്ട അവർ ആർത്തുചിരിച്ചു...

“സാമ്പാറാണ് ലോകത്തിലെ ഏറ്റവും നല്ല കറി” അപ്പുസ്വാമിയുടെ മോൻ സിദ്ധുവിന് സംശയമില്ല...

“ഇറച്ചീം കായേം”

“മീൻ പാലുകറി”

“കുറുക്കുകാളൻ”

“ആട്ടിൻതലക്കറി”

“രസം”

“പുളിങ്കറി”

വിവിധങ്ങളായ കറികളുടെ നീണ്ട ലിസ്റ്റ് തന്നെ കുറച്ച് സമയത്തിനുള്ളിൽ

“സെവൻ ബി”യിൽ നിറഞ്ഞു. പറയുന്നവരുടെയും കേൾക്കുന്നവരുടെയു വായിൽ വെള്ളമൂറി തുടങ്ങി. കേട്ടതും കേൾക്കാത്തതുമായ രുചികളുടെ കൊതിപ്പിക്കുന്ന ഗന്ധം അവിടമാകെ ഒഴുകിപ്പരന്നു. കുട്ടികളുടെ നാവിൽ കപ്പലോടി...

“രാധ പറയൂ” പപ്പടക്കാരി ശാന്തമ്മയുടെ മകൻ രാധാകൃഷ്ണനെയാണ് മാഷ് ചൂണ്ടിയത്. പാവമാണവൻ, പഠിക്കാൻ മിടുക്കനും... ചിലർ കളിയാക്കി “പപ്പടം” എന്നു വിളിക്കും, അവൻ ചിരിക്കും. രാത്രി വൈകിയും അമ്മയെ പണിക്ക് സഹായിച്ചതിന്റെ ഉറക്കച്ചടവോടെ അവൻ എഴുന്നേറ്റു. എല്ലാ കണ്ണുകളും അവനിലേക്ക്. മുഖമുയർത്തി മാഷിന്റെ കണ്ണുകളിലേക്ക് നോക്കി ഒരു തിരക്കും കൂടാതെ അവൻ പറഞ്ഞു;

“വിശപ്പാണ് മാഷെ... വിശപ്പാണ് ഏറ്റവും രുചിയുള്ള കറി.”

ഒരു നിമിഷം... തോമസ് മാഷിന്റെ കണ്ണൊന്നു മങ്ങി, അദ്ദേഹത്തിന്റെ കൈകൾ കണ്ണടയിലേക്കുയർന്നു... കേട്ടതിന്റെ പൊരുൾ മനസ്സിലാവാതെ കുട്ടികൾ പരസ്പരം നോക്കി... രാധാകൃഷ്ണൻ വീണ്ടും ആവർത്തിച്ചു,

“അനുഭവിച്ചിട്ടുള്ളതിൽ വച്ച് വിശപ്പാണ് മാഷെ ഏറ്റവും രുചിയുള്ള കറി. ഈ കറിക്കു മുമ്പിൽ ചോറ് അമൃതാണ്. അവിടെ കറി മോശമായെന്നോ, ചോറിന് വേവ് കൂടുതലാണെന്നോ പരാതിയോ പരിഭവവമോ ഇല്ല. അൽപ്പം കൂടി കിട്ടിയിരുന്നെങ്കിൽ അതും കൂടി നന്നായിരുന്നു എന്നുമാത്രമെ അവസാനത്തെ വറ്റും കഴിയുമ്പോൾ ചിന്തിക്കൂ. അതുകൊണ്ട്, വിശപ്പാണ് മാഷെ ഏറ്റവും രുചിയുള്ള കറി.”

മനുഷ്യനെ കംഹനാക്കുന്നത് അവന്റെ വിശപ്പാണ്. വിശപ്പിന്റെ മുമ്പിൽ അവന് ധാർമ്മികതപോലും മാർജ്ജിനിലേയ്ക്ക് മാറിനിൽക്കും. അതുകൊണ്ട് തന്നെയായിരിക്കണം ക്രിസ്തുവിന് വിശന്നപ്പോൾ പ്രലോഭകൻ അവനെ സമീപിച്ചത്. “യേശു നാൽപതു ദിനരാത്രങ്ങൾ ഉപവസിച്ചു. അപ്പോൾ അവനു വിശന്നു. പ്രലോഭകൻ അവനെ സമീപിച്ചു...” (മത്താ 4,2-3). കല്ലുകൾ അപ്പമാക്കുവാനുള്ള പ്രലോഭനം ശാരീരികമായ സകല മോഹങ്ങൾക്കും കാമങ്ങൾക്കും വേണ്ടിയുള്ള ദാഹമാണ്. നാശത്തിലേയ്ക്ക് നയിക്കാനുള്ള ഏറ്റവും ശക്തമായിട്ടുള്ള പ്രലോഭനങ്ങളിൽ ഒന്നാണ് ശരീരത്തിന്റെ മോഹങ്ങളും ദാഹങ്ങളും. ലോകചരിത്രത്തിലേയ്ക്ക് കണ്ണോടിക്കുമ്പോൾ ചരിത്രം പഠിപ്പിക്കുന്നത് അതിപ്രഗത്ഭരായ പലരും മദ്യത്തിനും മദിരാക്ഷിക്കും വശംവദരായി നാശത്തിൽ നിന്ന് നാശത്തിലേയ്ക്ക് വീണുപോയിട്ടുണ്ട് എന്നുള്ളതാണ്. പഴയനിയമത്തിലേയ്ക്ക് കണ്ണോടിക്കുക, സാംസൺ, ദാവീദ് തുടങ്ങിയവർ ലിസ്റ്റിൽ മുമ്പിൽ തന്നെയുണ്ട്. കല്ലുകളെ അപ്പമാക്കാനുള്ള പ്രലോഭനത്തെ ക്രിസ്തു നേരിട്ടത് വചനത്തിന്റെ തിരിച്ചറിവിൽ നിന്നാണ്. ക്രിസ്തു പ്രലോഭകനെ നേരിടുമ്പോൾ പറയുന്നത്,

“മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിൻെറ നാവിൽ നിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണു ജീവിക്കുന്നത്” (മത്താ 4,4).

ഇതൊരു തിരിച്ചറിവാകണം. അപ്പത്തിന് മീതെയാണ് ദൈവമെന്നും, ദൈവം കൂടെയുണ്ടെങ്കിൽ അപ്പമില്ലെങ്കിലും ദൈവം ഊട്ടുമെന്നുമുള്ള തിരിച്ചറിവ്. ഈ തിരിച്ചറിവുള്ളവർക്ക് ഏത് പ്രലോഭനങ്ങളെയും അതിജീവിക്കാനുള്ള ഊർജ്ജം സ്വന്തമാക്കിയിരിക്കും.

ക്രിസ്തുവിനുണ്ടായ രണ്ടാമത്തെ പ്രലോഭനം “പിശാച് അവനെ വിശുദ്ധ നഗരത്തിലേക്കു കൂട്ടിക്കൊണ്ടുപോയി ദേവാലയത്തിൻെറ അഗ്രത്തിൽ കയറ്റി നിർത്തിയിട്ടു പറഞ്ഞു: നീ ദൈവപുത്രനാണെങ്കിൽ താഴേക്കു ചാടുക; നിന്നെക്കുറിച്ച് അവൻ തൻെറ ദൂതൻമാർക്കു കൽപന നൽകും; നിൻെറ പാദം കല്ലിൽ തട്ടാതിരിക്കാൻ അവർ നിന്നെ കൈകളിൽ താങ്ങിക്കൊള്ളും എന്ന് എഴുതപ്പെട്ടിരിക്കുന്നു” (മത്താ 4,5-6). ചുരുക്കത്തിൽ, വലിയ ഗോപുരത്തിന്റെ മുകളിൽ നിന്ന് താഴെക്ക് ചാടുവാനുള്ള പ്രലോഭനം. എന്തിന് വേണ്ടിയാണ് ഗോപുരത്തിന്റെ മുകളിൽ നിന്ന് ചാടുന്നത്? അത് ദൈവത്തെ പരീക്ഷിക്കുന്നതിന് വേണ്ടിയാണ്. മനോഹരമായ ഒരു ചെറുകഥ കേട്ടിട്ടുണ്ട്.

നീണ്ട 25 വർഷത്തെ കഠിനമായ തപസിന് ശേഷം ദൈവം പ്രത്യക്ഷപ്പെട്ടു. ദൈവം

“പരീക്ഷകളെ അതിജീവിച്ചു കഴിയുമ്പോൾ തന്നെ സ്നേഹിക്കുന്നവർക്കു ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന ജീവൻെറ കിരീടം അവനു ലഭിക്കും” (യാക്കോ 1,12).

ചോദിച്ചു, "നിന്നിൽ ഞാൻ സംപ്രീതനായി. നിനക്ക് എന്ത് വരമാണ് വേണ്ടത്?"

ശിഷ്യൻ പറഞ്ഞു, "എനിക്ക് വെള്ളത്തിന് മുകളിലൂടെ നടക്കാനുള്ള വരം തരണം."

ദൈവം അവന് വെള്ളത്തിന് മുകളിലൂടെ നടക്കാനുള്ള വരം സമ്മാനിച്ചു. ഏറെ സന്തോഷത്തോടെ തന്റെ ഗുരുവിന്റെ മുമ്പിലെത്തി, താൻ ദൈവത്തെ പ്രീതിപ്പെടുത്തിയതും, ദൈവം പ്രത്യക്ഷപ്പെട്ടതും, ദൈവം തനിക്ക് നൽകിയ വരത്തെക്കുറിച്ചും ഏറെ വാചാലമായി സംസാരിച്ചപ്പോൾ ഗുരു തിരിച്ച് ചോദിക്കുകയാണ്,

"നീ നിന്റെ ജീവിതത്തിലെ വിലപ്പെട്ട നീണ്ട ഇരുപത്തിയഞ്ച് വർഷങ്ങൾ നഷ്ടപ്പെടുത്തിയത് ഇതിന് വേണ്ടിയാണോ? തോണിക്കാരന് 25 പൈസ കൊടുത്തിരുന്നെങ്കിൽ നിന്നെ ഇക്കരെ നിന്ന് അക്കരെ എത്തിക്കുമായിരുന്നില്ലേ?"

എത്രയോ സത്യമാണിത്. നാം ദൈവത്തെ പരീക്ഷിച്ചു കൊണ്ടിരിക്കുകയാണ്. "ദൈവമേ, നീ ദൈവമാണെങ്കിൽ എനിക്ക് ഇത് ചെയ്തു തരും എന്ന് പറയുമ്പോഴും... നിനക്ക് എന്നെ ഇഷ്ടമാണെങ്കിൽ ഇത് ചെയ്തു തരും എന്നും പറയുമ്പോഴും..." നാം ചെയ്യുന്നത് ദൈവത്തെ പരീക്ഷിക്കൽ തന്നെയാണ്. "ഞാൻ കുടിച്ച് നടന്നാലും ദൈവം എന്റെ കെട്ടിയോളെയും കുട്ടികളെയും നോക്കിക്കൊള്ളും..." എന്നു പറയുമ്പോഴും, സംശയിക്കേണ്ട, നാം ദൈവത്തെ പരീക്ഷിക്കുക തന്നെയാണ്."

ക്രിസ്തു

പ്രലോഭകനെ നേരിടുന്നത്

വചനമാകുന്ന വാളാലാണ്.

പൗലോസ് ശ്ലീഹ

പഠിപ്പിക്കുന്ന

"വചനമാകുന്ന വാൾ"

ഇത് തന്നെയാണ്...

ക്രിസ്തുവിന്റെ മൂന്നാമത്തെ പ്രലോഭനം, "പിശാച് വളരെ ഉയർന്ന ഒരു മലയിലേക്ക് അവനെ കൂട്ടിക്കൊണ്ടുപോയി, ലോകത്തിലെ എല്ലാ രാജ്യങ്ങളും അവയുടെ മഹത്വവും അവനെ കാണിച്ചുകൊണ്ട്, അവനോടു പറഞ്ഞു: നീ സാഷ്ടാംഗം പ്രണമിച്ച് എന്നെ ആരാധിച്ചാൽ ഇവയെല്ലാം നിനക്കു ഞാൻ നൽകും" (മത്താ 4,8 – 9). സാത്താനെ ആരാധിച്ചാൽ ഈ ലോകത്തിലെ സകല സമ്പത്തും തരാം എന്ന്. ശരിയാണ്... സാത്താനെ ആരാധിച്ചാൽ, ഒരുപക്ഷെ, അവൻ ഈ ലോകത്തിലെ സകല സമ്പത്തും നൽകിയെന്ന് വരാം. പക്ഷെ, ആ സമ്പത്തുണ്ടെങ്കിൽ ദൈവരാജ്യം സ്വന്തമാക്കാൻ പറ്റിയെന്ന് വരില്ല. വചനം ഓർമ്മപ്പെടുത്തുന്ന "ഭോഷനായ ധനികന്റെ ഉപമ..." ഒരു ചെവിട്ടോർമ്മ പോലെ എന്നും കാതുകളിൽ അലയടിക്കണം. എങ്കിൽ മാത്രമാണ്, സമ്പത്തിന്റെ നൈമിഷീകത തിരിച്ചറിയുകയൊള്ളു. ദൈവരാജ്യത്തിന് മറ്റൊരു പുറമുണ്ടെങ്കിൽ ആ പുറത്തിന്റെ പേരാണ് ഭൗതീകരാജ്യം. ഇവ രണ്ടും ചേർന്നു പോകുന്നതല്ല. അതു കൊണ്ട് തന്നെ ക്രിസ്തു ഭൗതീക രാജ്യത്തിൽ നിന്ന് ഒരു കല്ലേറല്ല, മറിച്ച്, കടലോളം അകലം കാത്തു സൂക്ഷിക്കുന്നുണ്ട്. "അവർ വന്നു തന്നെ രാജാവാക്കാൻവേണ്ടി ബലമായി പിടിച്ചുകൊണ്ടുപോകാൻ ഭാവിക്കുന്നു എന്നു മനസ്സിലാക്കിയ യേശു വീണ്ടും തനിയെ മലമുകളിലേക്കു പിൻമാറി" (യോഹ 6,15). ഭൗതീകതകൊണ്ട് മനുഷ്യനെ വലിയവനും സമ്പന്നനും ആക്കാം എന്നുളളത് സാത്താന്റെ വലിയ പ്രലോഭനമാണ്. തിരിച്ചറിയുക, സമ്പത്ത് അത് ക്ഷണികമാണ്, നശ്വരമാണ്. എപ്പോൾ വേണമെങ്കിലും നശിച്ച് പോകാം. പക്ഷെ, ദൈവരാജ്യം അത് അനശ്വരമാണ്.

***"ദൈവമേ, നിനക്കെതിരെ പാപം ചെയ്യാതിരിക്കാൻ***

നിന്റെ വചനം

***എന്റെ ഹൃദയത്തിൽ സൂക്ഷിച്ചു."***

സങ്കീ 119,11



.............................................................................................................

ഫാ. ജോബി മേനോത്ത് : +91 944 7777 931